## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *75 28.09.2016-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണ പദ്ധതി

**ചോദ്യം**

ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ.കെ.മുരളീധരൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ, അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളിൽപ്പെടുത്തി 350 ചതുരശ്ര അടി വീട് നിർമ്മിക്കുന്നതിന് വീടൊന്നിന് 3.50 ലക്ഷം രൂപ അനുവദിച്ചു വരുന്നു. ഇവ കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ച് നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പദ്ധതി നടത്തിപ്പിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ പുതിയ വീട് നിർമ്മിക്കുന്നതിനും മുൻ വർഷങ്ങളിൽ അനുവദിച്ച (സ്പിൽ ഓവർ) വീടുകൾ പൂർത്തിയാക്കുന്നതിനും, ആവശ്യകത അനുസരിച്ച് പഴയ വീടുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾക്കായി 50 കോടി രൂപയും അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ 150 കോടി രൂപയും ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനായി ഹഡ്കോ വായ്പയുടെ ആദ്യഗഡുവായ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| ഡി) | പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | ഡി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ഊരുകൂട്ടം അംഗീകരിച്ച് ഗുണഭോക്തൃലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ വീടുകൾ അനുവദിച്ച് വരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ലക്ഷ്യമിട്ടുകൊണ്ട് 2015-16 വർഷം എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി പ്രകാരം 9332 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിച്ചിരുന്നുവെങ്കിലും അവ പൂർത്തിയാവാത്തതിനാൽ ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ